നം:ബി1-432/2025

**ഭരണഭാഷ - മാതൃഭാഷ**


സൂപ്രണ്ടിന്റെ കാര്യാലയം
താലൂക്ക് ആശുപത്രി നെടുംകണ്ടം
തീയതി: 24/03/2025
04868 232650 ,suptchc@yahoo.com


# പുനർ ടെന്റർ നോട്ടീസ്

നെടുംകണ്ടം താലൂക്കാശുപത്രിയിൽ ആർ.എസ്.ബി.വൈ/കാസ്പ്(KASP), ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ, വിഭാഗങ്ങളിൽ ചികിത്സതേടിയെത്തുന്ന രോഗികൾക്ക് ചികിത്സാർത്ഥം അത്യാവശ്യമായിവരുന്ന വിവിധ തരം C.T സ്കാനിംഗുകൾ ചുരുങ്ങിയ നിരക്കിൽ ചെയ്ത് തരുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ടെസ്റ്റുകൾ, അവയുടെ നിരക്കുകൾ എന്നിവ ഉൾപ്പെടുത്തി മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ടെന്ററുകൾ ക്ഷണിച്ചിരുന്നു. ടെന്ററിൽ മതിയായ ആളുകൾ പങ്കെടുക്കാത്തതിനാൽ പുനർ ടെന്റർ ക്ഷണിച്ചുകൊള്ളുന്നു.

**വ്യവസ്ഥകൾ**

1. ടെന്റർ ഫോറത്തിന്റെ വില Rs: 1000 + Rs: 180 GST
2. ടെന്റർ ഫോറം വിൽപ്പന 25/04/2025 10.30 .എ.എം മുതൽ 01/04/2025 01 പി.എം വരെ
3. ടെന്റർ ഫോറം സ്വീകരിക്കുന്ന അവസാന തീയതി: 02/04/2025, 10.30 എ.എം
4. ടെന്റർ തുറക്കുന്ന തീയതി: 02/04/2025 , 11.30 എ.എം
5. ടെന്ററിനൊപ്പം 5000/- രൂപ നിരദദ്രവ്യവും എഗ്രിമെന്റും സമർപ്പിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. ടെന്ററുകൾ സമർപ്പിക്കേണ്ട സമയത്തിന് ശേഷമുള്ളതും അപൂർണ്ണവുമായ ടെന്ററുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.
2. ടെന്റർ സംബന്ധമായ അവസാന തീരുമാനം എച്ച്.എം.സി യുടേതായിരിക്കും.
3. നെടുംകണ്ടം താലൂക്കാശുപത്രിയുടെ പരിധിയിലുള്ള ലാബുകൾക്ക് മാത്രമേ ടെന്ററിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.
4. സ്കാനിംഗുകളിൽ എന്തെങ്കിലും അപാകത ഉള്ളതായി തോന്നിയാൽ സ്ഥാപനത്തിൽ വന്ന് പരിശോധന നടത്തുന്നതിനുള്ള അവകാശം അധികാരികൾക്ക് ഉണ്ടായിരിക്കുന്നതാണ്.
5. ടെന്റർ ലഭിക്കുന്നയാൾ 200/- രൂപയുടെ മുദ്രപത്രത്തിൽ സൂപ്രണ്ടുമായി ഉടമ്പടി ഒപ്പിടേണ്ടതാണ്.
6. സ്ഥാപനത്തിന്റെ സേവനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം യാതൊരുമുന്നറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതിന് ആശുപത്രി സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കും.
7. ടെന്റർ കാലയളവിൽ വില വർദ്ധനവ് അനുവദനീയമല്ല.
8. ടെന്റർ സമർപ്പിക്കുന്ന കവറിനു പുറത്ത് ‘ Tender for CT Scan’ എന്ന് എഴുതേണ്ടതാണ്.

ടെന്ററുകൾ സംബന്ധമായ കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാണ്.

സൂപ്രണ്ട്

SUPERINTENDENT
T.H.Q. HOSPITAL
NEDUMKANDAM
IDUKKI-68 (ഒപ്പ്)........

പകർപ്പ്

1. ആശുപത്രി നോട്ടീസ് ബോർഡ്
2. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് നോട്ടീസ് ബോർഡ്
3. നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഇടുക്കി - പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന്
5. ഫയൽ